# إرشــاد الأئـــمـة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا

(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

---

**തീയതി: 15/06/2018.**

**വിഷയം: " ഈ നന്മകൾ വെളിച്ചമേകട്ടെ "**

**ചെറിയ പെരുന്നാൾ പ്രഭാഷണം 2018**

---

**എല്ലാവർക്കും ഹൃദയം നിറഞ്ഞ ഈദാശംസകൾ**

➢ ഇന്ന് ആത്മഹർഷത്തോടെ നാം ചെറിയ പെരുന്നാൾ ആഘോഷിക്കുകയാണ്. ഇന്ന് ലോകമെമ്പാടും മുസ്‌ലിംകൾ ചെറിയ പെരുന്നാളിന്റെ സന്തോഷത്തിലാണ്. കുട്ടികൾ മുതൽ മുതിർന്നവർ വരെ, തൊഴിലാളിയും മുതലാളിയും, ഉള്ളവരും ഇല്ലാത്തവരുമെല്ലാം ഒരുപോലെ സന്തോഷിക്കുന്ന ദിവസം.

പുതുവസ്ത്രം ധരിച്ച്, സുഭിക്ഷമായി ആഹരിച്ച്, വിരുന്നുകളും ഗൃഹസന്ദർശനങ്ങളും നടത്തി എല്ലായിടത്തും എല്ലാവരും സന്തോഷത്തിലാണ്.

➢ സൃഷ്ടിപരമായ ഇത്തരം സന്തോഷപ്രകടനങ്ങളെ മതമാക്കി മാറ്റിയ ആദർശ പ്രസ്ഥാനമാണ് ഇസ്‌ലാം.

قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَٰلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِّمَّا يَجْمَعُونَ

﴿يونس: ٥٨﴾

ആയിശ(റ) പറയുന്നു. പെരുന്നാൾ ദിനം ഞങ്ങളുടെ വീട്ടിൽ രണ്ട് കുട്ടികൾ ദഫ് മുട്ടി പാട്ടുപാടി. നബി((സ) അപ്പോൾ വീട്ടിൽ ഉണ്ടായിരുന്നു. തങ്ങൾ ഒന്നും പ്രതികരിച്ചില്ല. അൽപ്പം കഴിഞ്ഞ് അബൂബക്കർ(റ) കടന്നുവന്നപ്പോൾ ആ കുട്ടികളോട് അത് നിർത്താൻ ആവശ്യപ്പെട്ടു.

فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " دَعْهُمَا يَا أَبَا بَكْرٍ ؛ فَإِنَّ لِكُلِّ قَوْمٍ عِيدًا ، وَإِنَّ عِيدَنَا هَذَا الْيَوْمَ (بخاري)

പെരുന്നാൾ ദിവസം അനുവദനീയമായ വിനോദങ്ങൾ കൊണ്ട് ആഘോഷ മാക്കാം എന്ന് ഈ ചരിത്രം വ്യക്തമാക്കുന്നു. എന്നാൽ ഹറാം, കറാഹ ത്തുകൾ ഉള്ള വിനോദങ്ങൾ, യാത്രകൾ ഈ പരിശുദ്ധ ദിവസത്തിൽ ഒഴിവാക്കേണ്ടതാണ്.
ചുരുക്കത്തിൽ: വിശ്വാസികൾക്കഖിലം സന്തോഷ ദിവസമാണിന്ന്.

➢ മനുഷ്യർ മാത്രമല്ല, വാനലോകവും സന്തോഷത്തിലാണ്. നബി(സ്വ) യുടെ ഉമ്മത്തിന് ലഭിച്ച പ്രതിഫലത്തിലും സ്വർഗ്ഗലബ്ദിയിലും മലക്കുകൾ സന്തോഷത്തിലാണ്.

عَنْ سَعِيدِ بْنِ أَوْسٍ الْأَنْصَارِيِّ عَنْ أَبِيهِ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ:"إِذَا كَانَ يَوْمُ عِيدِ الْفِطْرِ وَقَفَتِ الْمَلَائِكَةُ عَلَى أَبْوَابِ الطَّرِيقِ فَنَادَوْا : اغْدُوا يَا مَعْشَرَ الْمُسْلِمِينَ إِلَى رَبٍّ كَرِيمٍ يَمُنُّ بِالْخَيْرِ ثُمَّ يُثِيبُ عَلَيْهِ الْجَزِيلَ (مجمع الزوائد ومنبع الفوائد)

➢ പെരുന്നാൾ ഒത്തൊരുമയുടെയും പരസ്പര ബന്ധത്തിന്റെയും ദിനം കൂടിയാണ്. കഴിഞ്ഞ ഒരു മാസത്തെ സൽക്കർമ്മങ്ങൾ മനസ്സിനെ കൂടുതൽ തെളിച്ചമുള്ളതാക്കി. മറ്റുള്ളവരെ ചേർത്ത് നിർത്താൻ നമ്മെ പ്രാപ്തമാക്കി. അതുകൊണ്ട് എങ്ങും ചിരിയുടെ, ഹസ്തദാനത്തിന്റെ, സലാമിന്റെ, ആശ്ലേഷത്തിന്റെ, സൽക്കാരത്തിന്റെ ചിത്രങ്ങളാണ് കാണാൻ കഴിയുന്നത്. എല്ലാം മറന്ന് നാം ഒന്നായിച്ചേരുന്ന സാഹോദര്യത്തിന്റെ സുന്ദര നിമിഷങ്ങൾ.

➢ ശത്രുതയും വിദ്വേഷവും പുലർത്തുന്നവർക്ക് പെരുന്നാളും അതിന്റെ നന്മകളും അപ്രാപ്യമാണ്. അവരുടെ തക്ബീറുകൾ തൊണ്ടക്കുഴികൾക്കപ്പുറം കടന്നുചെല്ലുന്നില്ല. അവ ഏറ്റെടുക്കാൻ അല്ലാഹുവിന് താൽപ്പര്യമില്ല. അവ വെറും വിലാപങ്ങളായി കണ്ട് മലക്കുകൾ അവരെ അവഗണിക്കും. പകയും ശത്രുതയും മതത്തിന്റെ അടിവേരറുക്കുന്ന തിന്മയാണ്.

وَعَنِ الزُّبَيْرِ رَضِيَ اللَّهُ عَنْهُ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : دَبَّ إِلَيْكُمْ دَاءُ الْأُمَمِ قَبْلَكُمُ الْحَسَدُ ، وَالْبَغْضَاءُ هِيَ الْحَالِقَةُ ، لَا أَقُولُ : تَحْلِقُ الشَّعْرَ ، وَلَكِنْ تَحْلِقُ الدِّينَ (ترمذي)

➢ ഈ ഒത്തൊരുമയുടെ സുന്ദര ശീലങ്ങൾ പള്ളിയിൽ നിന്ന് നാം തെരുവിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ട്. അതിനായി പരിശ്രമിക്കണം, പ്രാർത്ഥി ക്കണം. ഇന്ത്യ എന്ന നമ്മുടെ തറവാട്ടിലെ മുഴുവൻ മക്കളും നമുക്ക് സഹോദരങ്ങളാണ്. ഈ ചിരിയും ഹസ്തദാനവും കൂട്ടായ്മയും മുഴുവൻ മനുഷ്യർക്കിടയിലും നിലനിൽക്കണം. അത് വളർത്തിയെടുക്കണം. അത് കാണാൻ ഈ രാജ്യം കൊതിച്ച് കഴിയുകയാണിപ്പോൾ.

➢ ഇവിടെ മതത്തിന്റെയും ജാതിയുടെയും പേരിൽ കൊല്ലും കൊലയും നടക്കുകയാണ്. താഴ്ന്ന ജാതി എന്നതാണ് കെവിൻ കൊല്ലപ്പെടാൻ കാരണം. ഇത് കടുത്ത തിന്മയാണ്. ഇസ്‌ലാം എന്നും ജാതീയതക്ക് എതിരാണ്.

➢ മത ന്യൂനപക്ഷങ്ങൾ രാജ്യത്ത് അക്രമിക്കപ്പെടുന്നു. കാലികടത്തിന്റെ പേരിൽ പെഹ്‌ലുഖാൻ മുതൽ ഈ റമളാനിൽ 60 കഴിഞ്ഞ വൃദ്ധനെ വരെ തല്ലിക്കൊന്നു. കത്‌വയിലെ 9 കാരി ആസിഫബാനു ഈ പെരുന്നാൾ ദിനത്തിലും മനസ്സിലെ വേദനപ്പിക്കുന്ന നെരിപ്പോടാണ്. ഇതെല്ലാം വിഭാഗീകതയുടെ, വർഗീയതയുടെ പേരിൽ കണ്ടില്ലെന്ന് നടിക്കുന്നു ഉത്തരവാദപ്പെട്ടവർ.

➢ ഈ മഹാതിന്മക്കെതിരെ രാജ്യത്ത് ജനാധിപത്യ വിശ്വാസികൾ, പാർട്ടികൾ ഐക്യപ്പെടാനുള്ള വലിയ പരിശ്രമത്തിലാണ്. കർണ്ണാടക അതിന്റെ റിഹേഴ്സിലായി. ആ ശ്രമം കൂടുതൽ വിജയിക്കട്ടെ. അല്ലാത്ത പക്ഷം ഫാസിസം പിടിമുറുക്കും. ഭരണഘടന അട്ടിമറിക്കപ്പെടും 2019ലെ തെരെഞ്ഞെടുപ്പ് നിർണ്ണായകമാണ്. രാജ്യം അതിന്റെ പഴയമൂല്യങ്ങളിൽ തന്നെ തുടരണം. ഈ പെരുന്നാളിന്റെ കൂട്ടായ്മയും ഐക്യവും ദുആ ആക്കി മാറ്റണം. നാം നിരന്തരം ദുആയിലാകണം.

➢ ഒപ്പം സമുദായത്തിന്റെ ഉള്ളിലെ ശത്രുതയും പടലപ്പിണക്കങ്ങളും മാറ്റിവെക്കണം. ആശ്ലേഷിക്കാൻ കഴിഞ്ഞില്ലെങ്കിലും ആക്രമണം ഒഴിവാക്കാൻ കഴിയണം. അല്ലാത്തപക്ഷം നമുക്ക് നാം തന്നെ കുഴിതോണ്ടുന്നവരാകും

إِنَّ اللَّهَ لَا يُغَيِّرُ مَا بِقَوْمٍ حَتَّىٰ يُغَيِّرُوا مَا بِأَنفُسِهِمْ ﴿رعد: ١١﴾

ഈ പെരന്നാൾ ദിനത്തിന്റെ തെളിച്ചവും വെളിച്ചവും അല്ലാഹു നിലനിർത്തട്ടെ. ആമീൻ

ഒരിക്കൽ കൂടി ഈദ് ആശംസകൾ.

الله أكبر الله أكبر الله أكبر، لا إله إلا الله، الله أكبر ... و لله الحمد

∆ ∆ ∆